ഞങ്ങൾക്കു നല്ല അയൽക്കാരായി കഴിയണം

102

എൻ. എസ്സ്. ക്രൂഷ്ച്ചേവ്

10

ജനതകൾ നല്ല അയൽക്കാരായി കഴിയണം.

എൻ. എസ്സ്. ക്രൂഷ്ചേവ്

ഇന്ത്യയിലെ സോവിയറ്റ് എംബസിയുടെ പ്രസിദ്ധീകരണവകുപ്പ്,
25, ബാരാഖമ്പ റോഡ്, ന്യൂഡൽഹി.

നവമ്പർ 1959

വില: 10 നയാപൈസ.

Pub'ished by V. P. Sak[illegible] Head of the Information Department of the USSR [illegible]y in India, 25, Ba[illegible]amba Road, New Delhi and Printed at Princeley Press, [illegible] Police Court Lane Fort, Bombay.

1959 സെപ്റ്റംബർ 27-ാംനു വാഷിംഗ്ടണിൽനിന്നു നികിതാ ക്രൂഷ്ച്ചേവ് ചെയ്ത അമേരിക്കൻ ടെലിവിഷൻ പ്രക്ഷേപണപ്രസംഗത്തിന്റെ പൂർണ്ണരൂപമാണ് ചുവടെ ചേർക്കുന്നത്.

(അനൗദ്യോഗിക പരിഭാഷ)



ക്രുഷ്ചേവ് അമേരിക്കൻ ടെലിവിഷനിൽ സംസാരിക്കുന്നു.

ജനതകൾ നല്ല അയൽക്കാരായി കഴിയണം

വാഷിംഗ്ടണിൽവെച്ച് ക്രൂഷ്ച്ചേവ് ചെയ്ത ടെലിവിഷൻ പ്രസംഗം

1959 സെപ്ററമ്പർ 27–ാംനു വാഷിംഗ്ടണിൽനിന്നു നികിതാ ക്രൂഷ്ച്ചേവ് ചെയ്ത അമേരിക്കൻ ടെലിവിഷൻ പ്രക്ഷേപണപ്രസംഗത്തിൻെറ പൂർണ്ണരൂപമാണ് ചുവടെ ചേർക്കുന്നത്.

(അനൗദ്യോഗിക പരിഭാഷ)

വന്ദനം, അമേരിക്കൻ സുഹൃത്തുക്കളെ,

നാട്ടിലേയ്ക്ക് മടങ്ങുന്നതിനുമുൻപ് നിങ്ങളോട് സംസാരിക്കാൻ ഈ അവസരം ലഭിച്ചതിൽ എനിയ്ക്ക് അതിയായ സന്തോഷമുണ്ട്. നിങ്ങളുടെ രമണീയങ്ങളായ നഗരങ്ങളും അത്ഭുതകരങ്ങളായ റോഡുകളും എല്ലാററിലുമുപരി സന്മനോഭാവമുള്ള ദയാശീലരായ ആളുകളേയും ഞങ്ങൾക്കിഷ്ടപ്പെട്ടു. ഒരു അതിഥി സാധാരണയായി ആതിഥേയനോടു പറയാറുള്ള വെറും ഉപചാര വാക്കുകളായി ഞാനീപറയുന്നതു കണക്കാക്കാതിരിക്കട്ടെ.

സോവിയററ് ജനത നിങ്ങളോട് പുലർത്തുന്ന സൗമനസ്യത്തേയും, നിങ്ങളുമായി സമാധാനത്തിലും സൗഹൃദത്തിലും വർത്തിക്കാനുള്ള അവരുടെ അഭിലാഷത്തേയുംകുറിച്ചു പറയപ്പെട്ടുന്ന കാര്യങ്ങളെപ്പററി സോവിയററ് യൂണിയനിൽപോയി വന്നിട്ടുള്ളവർക്ക് യാതൊരു സംശയവുമില്ല. സോവിയററ് ജനതയോടു നിങ്ങൾക്കും അപ്രകാരമുള്ള സൗമനസ്യമുണ്ടെന്ന വിശ്വാസവുമായാണ് ഞാൻ മടങ്ങുന്നത്. സോവിയററു ജനതയോട് ഞാനിതെപ്പററി പറയുകയും ചെയ്യും.

പ്രസിഡൻറ് ഐസനോവറുമായി ഞാൻ സന്തോഷകരമായ ചർച്ച നടത്തുകയുണ്ടായി. സംഭാഷണത്തിനിടക്ക് ഞങ്ങൾ സ്പർശിച്ച എല്ലാ പ്രശ്നങ്ങളിലും, സ്ഥിതിഗതികളുടെ വിലയിരുത്തലിനേയും നമ്മുടെ രാജ്യങ്ങൾതമ്മിലുള്ള ബന്ധത്തിൻെറ മെച്ചപ്പെടുത്തലിനേയും, രണ്ടിനേയും സംബന്ധിച്ച പല വശങ്ങളിലും ഞങ്ങൾക്കൊരു പൊതുധാരണയുണ്ടായിരുന്നു.

പലകൊല്ലക്കാലത്തെ "ശീതസമര"ത്തിനിടയ്ക്കു് കുന്നുകൂടിയിട്ടുള്ളതെല്ലാം നിവാരണംചെയ്യുകയെന്നതു് അത്രയെളുപ്പമല്ലെന്നു് നിങ്ങൾക്കുതന്നെ അറിയാമല്ലൊ. ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനെ സഹായിയ്ക്കുന്നതിനുപകരം അതു സംഘർഷപ്പെടുത്തിയ എത്രയെത്ര പ്രസംഗങ്ങളാണു് ചെയ്തിട്ടുള്ളതു്! അതുകൊണ്ടാണു് സ്ഥിതിഗതിയിൽ പെട്ടെന്നൊരു മാററമുണ്ടാകുമെന്നു് പ്രതീക്ഷിക്കാനാവാത്തതു്. നമ്മുടെ രാജ്യങ്ങൾതമ്മിലുള്ള ബന്ധം അഭിവൃദ്ധിപ്പെടുത്തുകയെന്ന പ്രക്രിയയ്ക്കു് വമ്പിച്ച പ്രയത്നവും ക്ഷമയും, എല്ലാററിലുമപരി, ലോകസമാധാനനന്മയെ ഉദ്ദേശിച്ചു് ഇന്നത്തെ സംഘർഷനിലയിൽനിന്നു് സാധാരണനിലയിലേക്കും, തുടന്നു് സൗഹൃദത്തിലേക്കുമുള്ള മാററത്തെ സൗകര്യപ്പെടുത്തുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കാൻ ഇരുഭാഗക്കാക്കും ആഗ്രഹവുമുണ്ടാകണം.

രാഷ്ട്രങ്ങൾക്കിടയ്ക്കു് സമാധാനവും സൗഹൃദവും ശക്തിപ്പെടുത്തുകയെന്ന തത്വമാണു് സോവിയററു് യൂണിയനു് അവിടുത്തെ ഗവമ്മെണ്ടിനേയും ജനങ്ങളേയുമാണു് ഞാൻ പ്രതിനിധീകരിക്കുന്നതു് — മാർഗ്ഗദർശകമായിട്ടുള്ളതു്. "ശീതസമരം" തുടച്ചുനീക്കാനും നമ്മുടെ രാജ്യങ്ങൾതമ്മിലുള്ള ബന്ധം അഭിവൃദ്ധിപ്പെടുത്താനും ഞങ്ങൾ പരമാവധി കഴിവതെല്ലാം ചെയ്തുവന്നിട്ടുണ്ടു്, ചെയ്തുകൊണ്ടിരിക്കുന്നുമുണ്ടു്.

പ്രസിഡൻറു് (ഐസനോവർ) നമ്മുടെ രാജ്യങ്ങൾതമ്മിലുള്ള ബന്ധത്തിൽ അഭിവൃദ്ധിയുണ്ടാകണമെന്നു് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെന്നതിൽ എനിക്കു സംശയമില്ല. എന്നെ അഭിമുഖീകരിക്കുന്നതിനേക്കാൾ ദുഷ്കരമായ സാഹചര്യങ്ങളാണു് യു. എസ്. പ്രസിഡണ്ടിനെ അഭിമുഖീകരിക്കുന്നതെന്നു് എനിക്കു തോന്നുന്നു. സ്പഷ്ടമായും, നമ്മുടെ രാജ്യങ്ങളുടെ ബന്ധത്തിലെ അഭിവൃദ്ധിയേയും സാർവ്വദേശീയ സംഘർഷാവസ്ഥയിലെ ലഘൂകരണത്തേയും തടസ്സപ്പെടുത്തുന്ന ശക്തികൾക്കു് ഐക്യനാടുകളിൽ ഇപ്പോഴും സ്വാധീനമുണ്ടു്. ഇതു് വിഗ[illegible]ിക്കാവുന്നതുമല്ല. എന്നാൽ, ഒടുവിൽ സാമാന്യബുദ്ധി സാർവ്വദേശീയ പ്ര[illegible]ശ്നപരിഹാരത്തിനുള്ള ശരിയായ മാർഗ്ഗം കാട്ടിക്കൊടുക്കുമെന്നു ഞാൻ കരുതുന്നു. ശീതസമരവിരാമവും ലോകസമാധാനദൃഢീകരണവും മാത്രമാണു് ശരിയും [illegible]കവുമായ ഇ[illegible] മാർഗ്ഗം.

[illegible]ാൽ, സാർവ്വദേശീയ സംഘർഷം [illegible] രണ്ടു് സ്റ്റേററുകളു[illegible] പ്രയത്നത്തെ ആശ്രയിച്ചു [illegible]ിക്കുന്നതു് [illegible] എല്ലാ സ്റ്റേററുകളു[illegible] ആഗ്രഹവും പ്രയത്നവും [illegible]ണു്.

[illegible] പ്രബലരായ രണ്ടു ശക്തിക[illegible] ധാരണ[illegible]ത്തോളം [illegible] ശാന്തിയും [illegible]ക [illegible]ദ്ധ്യവുമല്ല.

ഇ[illegible]യൊരു ചിത്രമാന്നു സങ്ക[illegible]ക, അടുത്തടുത്തു് [illegible]ാമസിക്കു[illegible] അയൽക്കാർ. ഒ[illegible] അപരന്റെ വീട്ടിലെ ജീ

ചന്ദ്രനിലേക്ക് തൊടുത്തുവിട്ട റോക്കററിന്റെ ഒരു മാതൃക
ക്രൂഷ്ച്ചേവ് ഐസൻഹോവർക്കു സമ്മാനിക്കുന്നു.

ക്രൂഷ്ച്ചേവിന് സാൻഫ്രാൻസിക്കോവിലെ ഹൃദ്യമായ
സ്വീകരണം.



ക്രൂഷ്ച്ചേവ് സാൻഫ്രാൻസിസ്കോവിലേക്ക് പോകുമ്പോൾ, സാൻലൂയി ഒബിസ്പോവിലെ ജനങ്ങളെ അനുമോദിക്കുന്നു.

വിതരീതി ഇഷ്ടപ്പെടുന്നില്ല. അതിനാൽ അവർ തങ്ങളുടെ വീടുകൾക്കിടയ്ക്ക് ഉയന്ന വേലി കെട്ടുകയും, രാപകലില്ലാതെ പരസ്പരം പുലഭ്യം പറയുകയും ചെയ്യുന്നെന്നു് വിചാരിക്കുക. ഈ അയൽക്കാരുടെ അത്തരത്തിലുള്ള ജീവിതം സന്തോഷകരമാണെന്നു പറയാമോ? അല്ലെന്നു് ഏതൊരാളും പറയും. ഇന്നല്ലെങ്കിൽ നാളെ കാര്യങ്ങൾ കലഹത്തിൽ കലാശിക്കും.

എന്നാൽ, ഒത്തുപോകാൻ സാദ്ധ്യമല്ലാത്ത അയൽക്കാർക്ക് പിന്നെയും ഒരു മാർഗ്ഗമുണ്ടു്; ഒരുവനു സ്വന്തം വീടു വിററിട്ടു മററവിടേയ്ക്കെങ്കിലും പോകാം. പക്ഷെ, സ്റ്റേററുകൾ എന്തു ചെയ്യും? അവക്കു മറെറവിടേയ്ക്കെങ്കിലും മാറിപ്പോവുക വയ്യല്ലൊ. അപ്പോൾപിന്നെ മറെറന്താണു് നിവൃത്തിമാർഗ്ഗം.

നിങ്ങൾക്കു് മുതലാളിത്തവും ഞങ്ങൾക്കു് സോഷ്യലിസവുമുണ്ടു്. ആട്ടെ, ഇതിനെസംബന്ധിച്ചു നാം തമ്മിൽ ലോകവ്യാപകമായ ഏററുമുട്ടലുകൾ ഉണ്ടാകണമെന്നാണോ? അതോ, നാം സാധാരണരീതിയിലുള്ള ബന്ധങ്ങൾ സ്ഥാപിച്ചു് ഓരോരുത്തനും അവനവൻെറ രീതിയിൽ സമാധാനത്തിൽ കഴിയണോ? സോവിയററു യൂണിയനിൽ സർവ്വരും സമാധാനപരമായ സഹവർത്തിത്വത്തിൻെറ മാർഗ്ഗത്തെ അനുകൂലിക്കുന്നു.

നാം പോരിടാൻ പ്ലാൻ ചെയ്യുന്നില്ലെങ്കിൽ, പിന്നെന്തിനു് നിങ്ങൾക്കും ഞങ്ങൾക്കും ഈ പടക്കോപ്പുകളെല്ലാം വേണം? ഈയൊരു പ്രശ്നത്തെക്കുറിച്ചു് നിങ്ങൾ എന്തെങ്കിലും ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ രാജ്യം പ്രതിവർഷം ശരാശരി 4000 കോടി ഡോളർ പടക്കോപ്പുകൾക്കുവേണ്ടി ചിലവഴിക്കുന്നുണ്ടെന്ന് എന്നോടു പറയുകയുണ്ടായി. ഞങ്ങളെസംബന്ധിച്ചാണെങ്കിൽ ഞങ്ങളും കൊല്ലംതോറും ഈ ആവശ്യത്തിലേക്കു് 2500 കോടി ഡോളർ ചിലവിടുന്നുണ്ടെന്ന വസ്തുത ഞാൻ മറച്ചുവെക്കുന്നില്ല. തീർച്ചയായും നിങ്ങൾക്കും ഞങ്ങൾക്കും ജനങ്ങളുടെ പണത്തിനു് കൂടുതൽ നല്ല ഉപ[illegible] കാണുമല്ലോ.

അതെ, മററുള്ളവർ തങ്ങളെ [illegible] ചെയ്യുമെന്നു് വിശ്വാസമില്ലാതെ ഒരു സ്റ്റേററിനും നിരായുധീകരിക്കാൻ [illegible]മാനിക്കുക എളുപ്പമല്ലതന്നെ. മററാരെങ്കിലും തങ്ങളെ ആക്രമി[illegible]മെന്നു് എല്ലാവരും ഭയപ്പെടുന്നു.

[illegible] സോവിയററ് ഗവണ്മെണ്ടു് ഐക്യരാഷ്ട്രസഭയിൽ പൊതുവിലുള്ള സമ്പൂർണ്ണമായ നിരായുധീകരണത്തിനു കർശനവും സമഗ്രവുമായ നിയന്ത്രണത്തിനുമുള്ള ഒരു നിർദ്ദേശം സമർപ്പിക്കുകയുണ്ടായെന്നു് നിങ്ങൾക്കു് അറിവുണ്ടായിരിക്കുമല്ലോ. അതെന്താ[illegible] ഞങ്ങളുടെ മനസ്സിലുള്ളതു്? എല്ലാ സായുധസേനകളേയും അപ്പടി ഇല്ലാതാക്കുക; അറോറമിക്ക് - [illegible] ഹൈഡ്രജൻ ആയുധങ്ങളും മിസൈലുകളും ഉൾപ്പെടെ എല്ലാത്തരം പടക്കോപ്പുകളും ഇല്ലായ്മചെയ്യുക; രാജ്യങ്ങൾക്കു ചെറു[illegible]ധങ്ങൾ മാത്രം കൈവശമുള്ള വളരെ പരിമിത

മായ പോലീസ് സൈന്യത്തെമാത്രം അനുവദിക്കുക. ഞങ്ങളുടെ മററു പങ്കാളികൾ ഇത്രദൂരവ്യാപകമായ നടപടികൾക്ക് തയ്യാറല്ലെങ്കിൽ ഒരു തുടക്കമെന്ന നിലക്ക് ഭാഗിക നിരായുധീകരണനടപടികളിൽ ഒത്തുതീർപ്പുണ്ടാക്കാൻ ഞങ്ങൾ ഒരുക്കമാണ്.

പലേ രാജ്യതന്ത്രജ്ഞരും രാഷ്ട്രീയ നേതാക്കളും ഞങ്ങളുടെ നിർദ്ദേശങ്ങളിൽ താല്പര്യം പ്രദർശിപ്പിക്കുകയും, നിരായുധീകരണത്തിൽ ആവശ്യമായ യോജിപ്പുണ്ടാക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ടെന്നതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്. നിർഭാഗ്യവശാൽ, ഇപ്പോഴും "ശീതസമര"കാലഘട്ടത്തിലെ വാദമുഖങ്ങളിൽ മുറുകെപ്പിടിച്ച് നില്ക്കുന്നവരുമുണ്ട്. ഐക്യനാടുകളിലേയും മററു രാജ്യങ്ങളിലേയും ഗവമ്മെണ്ടുകൾ ഞങ്ങളുടെ സമാധാന നിർദ്ദേശങ്ങൾ ശരിയ്ക്കു മനസ്സിലാക്കുകയും, അതേ ലക്ഷ്യത്തെ ലാക്കാക്കിക്കൊണ്ടുള്ള നടപടികൾ അവരുടെ ഭാഗത്തുനിന്നുണ്ടാവുകയുംചെയ്യുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്.

നിങ്ങളുടെ പ്രസിഡൻറുമായ സംഭാഷണങ്ങളിൽ ഞങ്ങൾ ഈ പ്രശ്നം സുദീർഘമായി ചർച്ചചെയ്തു. ആയുധഭ്രാന്തു് അവസാനിപ്പിക്കാനുള്ള ശ്രമം വിജയിച്ചിട്ടില്ലെന്നതിൽ ഞങ്ങളെപ്പോലെ പ്രസിഡൻറിനും ഉല്ക്കണ്ഠയുണ്ട്. യു. എസ്. ഗവമ്മെണ്ട് പഴയ ഇഷ്ടക്കേടുകളെ തരണംചെയ്യുന്നതിൽ വിജയിക്കുമെന്നും, ഇന്നല്ലെങ്കിൽ നാളെ മററു സ്റ്റേററുകളോടുചേന്ന് നിരായുധീകരണത്തിൽ ശരിയായ സമീപനം കണ്ടെത്താൻ നമുക്കു കഴിയുമെന്നുമുള്ള പ്രതീക്ഷയോടെയാണ് ഞങ്ങൾ സ്വദേശത്തേക്കു മടങ്ങുന്നതു്.

ഇപ്പോൾ വളരെ കുന്നുകൂടികഴിഞ്ഞിട്ടുള്ള മററ് അടിയന്തിര പ്രശ്നങ്ങളും ഞങ്ങൾ ചർച്ചചെയ്തു. രണ്ടാം ലോകമഹായുദ്ധത്തിൻെറ അനന്തരഫലങ്ങൾ ഇല്ലാതാകുകയെന്ന ഒരു പ്രശ്നംമാത്രം ഞാൻ എടുക്കട്ടെ. പലരും ചോദിക്കാറുണ്ട്: രണ്ടാം ലോകമഹായുദ്ധത്തിൻെറ അവശിഷ്ടങ്ങൾ തുടച്ചുനീക്കുകയെന്ന പ്രശ്നത്തിൽ സോവിയററ് യൂണിയന് ഇത്രയ്ക്കു താൽപര്യമെന്താണ്? തീർച്ചയായും ഇതൊരു ഭൂതകാലകാര്യമാണ്. ഞാൻ തുറന്നുപറയട്ടെ—ഞങ്ങൾക്ക് ജമ്മൻ സൈനികപ്രഭുത്വത്തെ [illegible]. എന്നാൽ, അതിൻെറ വഞ്ചനാപരമായ രീതികളും സ്വഭാവങ്ങളും ഞങ്ങൾക്കു നന്നായറിയാം. ഒരു സമാധാന ഉടമ്പടിയുടെ അഭാവം പ്രതികാരത്തിൻെറ സ്പിരിററ് വളരുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നു.

ഞാൻ പറയുന്നതു് നിങ്ങൾ മനസ്സിലാക്കണമെന്ന് [illegible] നമുക്ക് സമാധാനം വേണമെങ്കിൽ യുദ്ധാവശിഷ്ടങ്ങൾ നിലനിൽക്കാൻ [illegible].

രണ്ടാം ലോകയുദ്ധത്തിൻെറ കണക്കവസാനിപ്പിക്കാമെന്ന് സോവിയററ് യൂണിയൻ നിർദ്ദേശിച്ചിട്ടുണ്ട്. ജമ്മനിയുമായി ഒരു സമാധാന ഉടമ്പടി ഒപ്പുവെച്ച് [illegible]സാനിപ്പിക്കാം, അവസാനിപ്പിക്കുകയുംവേണം.

ഒരു ഏകീകൃത സ്റ്റേററായിരുന്ന ജമ്മനിയുമായാണ് യുദ്ധം നടന്നതെന്നും, അതിനാൽ ജമ്മനി ഏകീകൃതമായിക്കഴിഞ്ഞശേഷം മാത്രമേ അതുപോലെ ഒരു സമാധാന ഉടമ്പടി ഉണ്ടാക്കാൻ കഴിയൂ എന്നും ചിലപ്പോൾ തടസ്സം പറഞ്ഞു കേൾക്കാറുണ്ട്. എന്നാൽ, യഥാത്ഥത്തിൽ ഇന്നു് രണ്ടു് ജമ്മൻ സ്റ്റേററുകളുണ്ടെന്നും, അതിലോരോന്നും സ്വന്തമായ രീതിയിലാണ് മുന്നോട്ടു പോകുന്നതെന്നുമുള്ളതു് സുവിദിതമാണല്ലൊ. ഇരുസ്റ്റേററുകളും സ്വന്തം സാമൂഹ്യവ്യവസ്ഥ ഉപേക്ഷിക്കാൻ തയ്യാറില്ല. ഒരു ജമ്മൻ സ്റ്റേററ് മറേറതിനു അടിയറവെക്കുന്നതിനു നിബ്ബന്ധിക്കാൻ നമുക്കു സാദ്ധ്യമല്ല. തങ്ങളെങ്ങനെ ജീവിക്കുമെന്നും, ഏതു രീതിയിൽ ബന്ധങ്ങൾ സ്ഥാപിക്കുമെന്നുമുള്ളതിനെസംബന്ധിച്ചു് ജമ്മൻകാർ സ്വയം യോജിപ്പിലെത്തട്ടെ.

ഇനിയൊട്ടും നീട്ടിക്കൊണ്ടുപോകാതെ ഇരു ജമ്മൻ സ്റ്റേററുകളുമായും ഒരു സമാധാന ഉടമ്പടി ഒപ്പുവെക്കുകയും, അങ്ങനെ ഒരു പുതിയ തീപ്പിടുത്തം ആയി വളരാനനുവദിക്കാതെ കനൽക്കട്ടകൾ അടുപ്പിൽവെച്ചുതന്നെ കെടുത്തിക്കളയുകയുമല്ലെ നല്ലതു്? ഒരു സമാധാന ഉടമ്പടി ഒപ്പുവെയ്ക്കൽ ബർലിനിലെ തീപ്പൊരികൾ കെടുത്തുകയും, ഒരു സാധാരണസ്ഥിതി സംജാതമാക്കാൻ സഹായിക്കുകയുംചെയ്യും.

നിരായുധീകരണപ്രശ്നംപോലെ ജമ്മനിയുമായി സമാധാന ഉടമ്പടി ഒപ്പുവെക്കുകയെന്ന പ്രശ്നവും അത്ര എളുപ്പമായ ഒന്നല്ല. എന്നാൽ, ദുഷ്കരമാണെന്ന ആ കാരണത്താൽതന്നെ അവ പരിഹരിക്കുകയും, പരണത്തുവെയ്ക്കാതിരിക്കുകയും വേണം.

നിങ്ങളുടെ നാട്ടിലായിരിക്കുമ്പോൾ ഇത്ര ചുരുങ്ങിയ സമയത്തിനുള്ളിൽ സാദ്ധ്യമായ വിധത്തിൽ അമേരിക്കക്കാരുടെ ജീവിതരീതി ഏതാണ്ടൊക്കെ ഞാൻ കാണുകയുണ്ടായി. ഞാൻ പലതും കാണുകയും കേൾക്കുകയുംചെയ്തിട്ടുണ്ട്.

സോവിയറ്റ് ഗവമ്മെൻറ് തലവനെന്ന നിലയ്ക്കു് എനിക്കും, എന്നെ അനുഗമിക്കുന്ന സഖാക്കൾക്കും നൽകപ്പെട്ട ഹൃദ്യമായ സ്വാഗതത്തിനും ആതിഥ്യബഹുമാനത്തിനും ഞാൻ അതീവ കൃതജ്ഞനാണ്. അമേരിക്കക്കാർ ഞങ്ങളുടെ ജനതയുമായി സൗഹൃദമാഗ്രഹിക്കുന്നവരെന്നും, അവർ സമാധാനപ്രേമികളാണെന്നും, അവർ സ്വന്തം [illegible] സ്നേഹിക്കുന്നവരെന്നുമുള്ള ഞങ്ങളുടെ വിശ്വാസം [illegible]പ്പെട്ടിരിക്കുന്നു. അവർ വമ്പിച്ച സമ്പത്തു് സൃഷ്ടിച്ചിട്ടുണ്ട്; അവർക്കു ഉയർന്ന ജീവിതനിലവാരവുമുണ്ടു്. നിങ്ങളെപ്പോലെ സോവിയറ്റുകാരും സ്വന്തം മാതൃഭൂമിയെ സ്നേഹിക്കുകയും, സമാധാനമഭിലഷിക്കുകയും, നിങ്ങളുടെ നാട്ടുകാരോടെന്നപോലെ ലോകത്തിലെ മറ്റെല്ലാ ജനങ്ങളോടും സൗഹൃദത്തിൽ കഴിയാൻ ആഗ്രഹിക്കുകയുംചെയ്യുന്നു.

സോഷ്യലിസത്തിൻെറ വിജയംമൂലം സോവിയററു ജനത വമ്പിച്ച വിജയങ്ങൾ നേടിയിട്ടുണ്ട്. ഞങ്ങൾ നിങ്ങളെപ്പോലെ സമ്പന്നരായിക്കഴിഞ്ഞിട്ടില്ലെങ്കിലും, ഏററവും ഉയന്ന ജീവിതനിലവാരം കൈവരിക്കുന്നതിനുള്ള ശക്തിയായ പന്ഥാവിലൂടെയാണ് ഞങ്ങൾ ചരിക്കുന്നതു്. ഞങ്ങളുടെ ജനത ഇതാഗ്രഹിക്കുന്നു, അവരതു് നേടുകയുംചെയ്യും.

സാമൂഹ്യ രാഷ്ട്രീയ വ്യവസ്ഥയെസംബന്ധിച്ച പ്രശ്നം, അതായതു് സോഷ്യലിസത്തിൻകീഴിലോ മുതലാളിത്തത്തിൻകീഴിലോ ജീവിക്കേണ്ടതെന്ന പ്രശ്നം ഓരോ ജനതയുടേയും ആഭ്യന്തരകാര്യമാണ്, ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുകയെന്ന തത്വം നാം കശ്നമായി മുറുകെ പിടിക്കുകയുംവേണം.


എല്ലാ രാജ്യങ്ങളും ഈ തത്വങ്ങൾ മാർഗ്ഗദശ്കമാക്കിയാൽ രാഷ്ട്രാന്തരീയ സമാധാനം കാത്തുരക്ഷിക്കുന്നതിൽ പ്രത്യേകപ്രശ്നമൊന്നും ഉണ്ടാവില്ല. സമാധാനത്തിൽ കഴിയുന്നതിനു ആളുകൾതമ്മിൽ കൂടുതൽ അടുത്തറിയണം. വളരെ സംക്ഷിപ്തമായിട്ടെങ്കിലും ഞങ്ങളുടെ നാടിനേയും, ജനങ്ങളുടെ ജീവിതത്തേയും, അവരുടെ ഭാവി പദ്ധതികളേയുംകുറിച്ച് പറയാൻ എന്നെ അനുവദിക്കുമല്ലോ. എനിക്കു ഇവിടെനിന്നുണ്ടായിട്ടുള്ള ധാരണകൾ—നിങ്ങളുടെ നാട്ടിൽ എനിക്കിഷ്ടപ്പെട്ട കാര്യങ്ങൾപോലും—സോവിയററ് യൂണിയനിലെ രാഷ്ട്രീയ–സാമൂഹ്യ–സാമ്പത്തിക വ്യവസ്ഥയാണ്, ഏററവും നീതിയുക്തവും പുരോഗമനപരവുമെന്ന എൻെറ വിശ്വാസത്തെ കലുക്കിയിട്ടില്ലെന്നു് ഞാൻ പറഞ്ഞാൽ നിങ്ങൾക്കതു മനസ്സിലാകുമെന്നു് ഞാൻ കരുതുന്നു.

സോവിയററ് യൂണിയൻ അദ്ധ്വാനിക്കുന്ന ജനതയുടെ ഒരു സ്റ്റേററാണ്. ഞങ്ങൾക്കവിടെ മുതലാളിമാരില്ല. ഞങ്ങളുടെ ഫാക്ടറികളും മില്ലുകളും ജനങ്ങളുടെവകയാണ്. ഞങ്ങളുടെ നാട്ടിലെ ഭൂമിയും, അതിലെ മുഴവൻ സമ്പത്തും, ഞങ്ങൾക്കുള്ളതാണ്. കർഷകർ സഹകരണ സംഘങ്ങളിൽചേന്ന് കൂട്ടായി [illegible] കൃഷിചെയ്യുന്നു. ഓരോരുത്തനും അവനവൻെറ ജോലിയുടെ അടിസ്ഥാനത്തിലാണ്, ഇറ[illegible] ധനത്തിൻെറ അടിസ്ഥാനത്തിലല്ല വരു[illegible]

[illegible]ലിസത്തിൻകീഴിൽ ജോലിചെയ്യുന്ന [illegible] പ്രതിഫലം സമുദായത്തിനു അയാൾ ചെയ്യുന്ന ജോലിയുടെ അളവിനേയും ഗുണത്തിനേയും ആശ്രയിച്ചിരിക്കുന്നു. ഞങ്ങളുടെ ഉല്പാദനം [illegible] ഞങ്ങളുടെ സമ്പത്ത് കൂടുതൽ കുന്നുകൂട്ടുകയും ചെയ്യുന്നതോടെ ഓരോരുത്തനും അവനവൻെറ കഴിവനുസരിച്ച് പണിചെയ്യുകയും, ആവശ്യമനുസരിച്ച് അവനു ലഭിക്കുകയും ചെയ്യുക എന്ന കമ്മ്യൂണിസ്റ്റ് വിതരണതത്വം ഞങ്ങൾ സ്വീകരിക്കും.

ക്രുഷ്ച്ചേവ് മെസ്താമിഷ്യൻ നിർമ്മാണതൊഴിലാളികളുമായി സംസാരിക്കുന്നു.

ക്രുഷ്ച്ചേവ് ഗാർസ്റ്റ്ഫാം കൃഷിസമ്പ്രദായങ്ങളെ പരിശോധിക്കുന്നു.



ക്യാമ്പ് ഡേവിഡിൽ ക്രൂഷ്ച്ചേവ് ഐസൻഹോവറുമായി സംസാരിക്കുന്നു.

ഞങ്ങളുടെ സ്റ്റേററിന്റെ ഭരണഘടന വാസ്തവത്തിൽ ഏററവും ജനാധിപത്യപരമായിട്ടുള്ള ഒന്നാണ്. നിയമനിർമ്മാണസമിതികളിലേയ്ക്കു് രഹസ്യബാലട്ടനുസരിച്ചു് സമതപാടിസ്ഥാനത്തിലും നേരിട്ടുള്ളതും സാർവ്വത്രികവുമായ തിരഞ്ഞെടുപ്പിനു് അതു് വ്യവസ്ഥചെയ്യുന്നു. ജോലിക്കും പഠനത്തിനും വിശ്രമത്തിനുമുള്ള അവകാശത്തിനു് അതു് ഉറപ്പുനൽകുന്നു.

മൂലധനമുള്ളവനു് സ്ഥാനമുണ്ടെന്നതായിരുന്നു വിപ്ലവത്തിനു മുൻപിലത്തെ സ്ഥിതി, എന്നാൽ, നന്നായി പണിചെയ്യുന്നവനു് സമൂദായത്തിൽ സ്ഥാനം ഉണ്ടാകുമെന്ന നീതിയുക്തമായ നിയമം ചരിത്രത്തിലാദ്യമായി ഞങ്ങൾ സ്ഥാപിച്ചു.

ഉദാഹരണത്തിന്നു്, സോവിയററു് യൂണിയനിലെ സർവ്വോന്നത ഭരണാധികാരസമിതിയായ യൂ. എസ്. എസ്. ആർ. സുപ്രീം സോവിയററിന്റെ കാര്യമെടുക്കുക. സുപ്രീം സോവിയററിലേയ്ക്കു് മൊത്തം 1378 പേർ തിരഞ്ഞെടുക്കപ്പെട്ടു. ഇതിൽ 366 പേർ സ്ത്രീകളാണ്. ആയിരത്തിൽപരം ഡപ്യൂട്ടിമാർ വ്യവസായത്തിലോ കൃഷിയിലോ നേരിട്ടു് പണിചെയ്യുന്നവരാണ്. അവർ തൊഴിലാളികളും ഇഞ്ചിനീയർമാരും കൂട്ടുകൃഷിക്കാരും കൃഷിശാസ്ത്രജ്ഞരുമാണ്.

ബാക്കിയുള്ളവർ രാജ്യതന്ത്രജ്ഞരും, ശാസ്ത്രീയ-സാംസ്കാരിക-സാഹിത്യരംഗങ്ങളിൽ പ്രാമാണികരും, അദ്ധ്യാപകരും, ഭിഷഗ്വരന്മാരുമാണ്. ഞങ്ങളുടെ നാട്ടിൽ മുതലാളിമാരില്ല; സുപ്രീംസോവിയററിൽ അവരുടെ പ്രതിനിധികളുമില്ലെന്നു് നിങ്ങൾക്കു് കാണാമല്ലൊ. പണിയാളുകൾക്കിടയിൽനിന്നു് വന്നിട്ടുള്ളവരാണു് ഞങ്ങളുടെ ഗവമ്മെണ്ടിലുള്ളയാളുകൾ.

എന്നെപ്പററിയാണെങ്കിൽ, എന്റെ മുത്തച്ഛൻ നിരക്ഷരനായ ഒരു കർഷകൻ, ഒരു അടിമ, ആയിരുന്നു; അദ്ദേഹം ജന്മിയുടെ സ്വത്തായിരുന്നു; അദ്ദേഹത്തെ വില്ക്കാനോ അതല്ലെങ്കിൽ പലപ്പോഴും സംഭവിച്ചിരുന്നതുപോലെ ഒരു നായയ്ക്കുപകരം കൈമാററം ചെയ്യാനോ കഴിയുമായിരുന്നു. എന്റെ അച്ഛൻ ഒരു ഖനിതൊഴിലാളിയായിരുന്നു; ഞാനും ഒരു മെക്കാനിക്കായി ഖനിയിൽ പണിയെടുത്തിട്ടുണ്ട്. ഞാൻ ആഭ്യന്തരസമരത്തിൽ പങ്കെടുത്തു; പിന്നീടു് സോവിയററ് ഗവമ്മെൻറു് ഒരു തൊഴിലാളി വിദ്യാലയത്തിലും, തുടർന്നു് വ്യാവസായിക അക്കാഡമിയിലും പഠിക്കുന്നതിനായി എന്നെ അയച്ചു: ഇപ്പോൾ [illegible] മന്ത്രിസഭാദ്ധ്യക്ഷനെന്ന ഉന്നതസ്ഥാനത്തു് എന്നെ ഇരുത്തിയിരിക്കുന്നു.

എന്റെ പ്രഥമ ഡപ്യൂട്ടികളിരുവരും, അനസ്താസ് മിക്കോയനും ഫ്രോൾ കൊസ്ലോവും, ഈയടുത്തു് നിങ്ങളുടെ നാട്ടു് [illegible]കയുണ്ടായി. ആരാണിവർ? അനസ്താസ് മിക്കോയൻ ഒരു മരപ്പണി[illegible]ന്റെ മകനും [illegible] കൊസ്ലോവ് ഒരു [illegible]പണിക്കാരന്റെ മകനുമാണ്. [illegible] കൊസ്ലോവുതന്നെ

ആദ്യം ഒരു തൊഴിലാളിയും പിന്നീടൊരു ഇഞ്ചിനിയറും ആയിരുന്നു. ഞങ്ങളുടെ നാട്ടിൽ മൂലധനമോ പ്രധാന സ്ഥാനങ്ങളോ പരമ്പരാഗതമായി ലഭിക്കുന്നില്ല. സോവിയററ് യൂണിയനിൽ എല്ലാപേക്കും യഥാർത്ഥത്തിലുള്ള സ്വാതന്ത്ര്യമുണ്ട്",

ഞങ്ങൾക്കില്ലാത്ത ഒരേയൊരു സ്വാതന്ത്ര്യം, മററുള്ളവരുടെ അദ്ധ്വാനം ചൂഷണംചെയ്യാനും ഫാക്ടറികളും ബാങ്കുകളും സ്വകാര്യമായിവെയ്ക്കാനുമുള്ളതാണ്.

പഴയ തലമുറയിൽപ്പെട്ട ഞങ്ങൾ മുതലാളിത്തസ്ഥിതിയിൽ ജീവിതമാരംഭിച്ചവരാണ്. സോഷ്യലിസ്റ്റ് രീതിയാണ് കൂടുതൽ നീതിയുക്തമെന്ന് ഞങ്ങൾ കരുതാൻ കാരണമെന്താണ്? ന്യൂനപക്ഷം ബഹുഭൂരിപക്ഷം സൃഷ്ടിക്കുന്ന സമ്പത്ത് കൊള്ളയടിക്കുന്ന സാഹചര്യത്തിലാണ് മനുഷ്യരാശി ബഹുശതം വർഷങ്ങളായി മുന്നോട്ടുവന്നിരുന്നത്. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത മെച്ചമായൊരു സമുദായഘടനയ്ക്കുവേണ്ടി ജനങ്ങൾ എന്നും ആഗ്രഹിച്ചിട്ടുമുണ്ട്.

ഈ സമുദായത്തിലേക്കുള്ള വഴി വെട്ടിത്തെളിച്ച മാർക്സ്, ഏംഗൽസ്, ലെനിൻ എന്നിവരോട് ഞങ്ങൾ കൃതജ്ഞരാണ്; ഞങ്ങൾ ആ വഴി സ്വീകരിക്കുകയുംചെയ്തിരിക്കുന്നു. യൂറോപ്പിലും ഏഷ്യയിലുമുള്ള പല രാഷ്ട്രങ്ങളും ഞങ്ങൾക്കു പിന്നാലെ ഈ വഴിയിലൂടെ പോന്നിട്ടുണ്ട്. അദ്ധ്വാനിക്കുന്ന ജനത രാഷ്ട്രീയാധികാരം ഏറെറടുത്തശേഷം മററുള്ളവരെ ചൂഷണംചെയ്ത് സ്വത്ത് ആർജ്ജിക്കാനുള്ള പ്രവണതയ്ക്ക് വിരാമമിടുന്നു. മനുഷ്യൻെറ ആർത്തി ഭയങ്കരമായ ഒരു കാര്യമാണ്. ഒരു ലക്ഷപ്രഭു ഒരു കോടിപ്രഭുവായിത്തീരാൻ ആഗ്രഹിക്കാതിരുന്നിട്ടുള്ള ഒരൊററ സംഭവം എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ?

ഞാൻ പറയുന്നതു് ശരിയായി മനസ്സിലാക്കപ്പെടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഒരു ജോടി ചെരിപ്പുള്ളവൻ രണ്ടുമൂന്നു ജോടികൂടി വേണമെന്ന് ആഗ്രഹിക്കുന്നതും, ഒരു സൂട്ടുള്ളവൻ പല ജോടി വേണമെന്നാഗ്രഹിക്കുന്നതും, ഒരു വീടുള്ളവൻ കുറേക്കൂടി നല്ലൊരു വീട് പണിയാൻ താല്പര്യപ്പെടുന്നതും ഒരു കാര്യം. ഇതു് ന്യായമായൊരു അഭിലാഷമാണ്. സോഷ്യലിസം ജനങ്ങളുടെ അഭിരുചികളേയും ആവശ്യങ്ങളേയും പരിമിതപ്പെടുത്തുന്നില്ല. പക്ഷെ, ഒരു ഫാക്ടറിയുള്ളവൻ രണ്ടെണ്ണം ആഗ്രഹിക്കുന്നതും, ഒരു മില്ലുടമസ്ഥൻ പല മില്ലുകളുണ്ടാക്കാൻ ശ്രമിക്കുന്നതും മറെറാരു കാര്യമാണ്.

ഒരുത്തന് മുഴുവൻ കുടുംബത്തോടു ചേർന്നപോലും, എന്തിന് പല ജന്മമുണ്ടായാൽപോലും സ്വന്തമായ അദ്ധ്വാനംകൊണ്ട് പത്തു ലക്ഷം ഡോളർ-അപ്പോൾപിന്നെ, പത്തു് കോടി ഡോളറിൻെറ കാര്യം പറയുകയേ വേണ്ടല്ലോ—സമ്പാദിക്കാൻ സാദ്ധ്യമല്ലെന്ന് വ്യക്തമാണല്ലോ. മററുള്ളവരുടെ അദ്ധ്വാനം ചൂഷണംചെയ്താൽമാത്രമേ ഇതു് സാദ്ധ്യമാകൂ. പക്ഷെ, അതു് മ

നുഷ്യന്റെ മനസാക്ഷിയ്ക്ക് നിരക്കാത്തതാണ്. നിങ്ങൾക്കറിയാവുന്നതുപോലെ, കച്ചവടക്കാർ, ദേവാലയത്തെ പലിശയ്ക്കു പണം കടംകൊടുക്കുന്നവരുടെ ഒരു ആസ്ഥാനമാക്കി മാററിയപ്പോൾ ക്രിസ്തുദേവൻതന്നെ ചമ്മട്ടിയെടുത്ത് അവരെ ആട്ടിപ്പായിച്ചുവെന്ന് വേദപുസ്തകത്തിൽതന്നെ പറഞ്ഞിട്ടുണ്ടല്ലോ.

അതിനാൽ, മതവിശ്വാസികൾ ധർമ്മതത്വമനുസരിക്കുന്നവരാണെങ്കിൽ, ലോകസമാധാനത്തിന്റേയും അയൽക്കാരനോടുള്ള സ്നേഹത്തിന്റേയും തത്വം പിന്തുടരുന്നവരാണെങ്കിൽ, അവർ പുതിയ സോഷ്യലിസ്റ്റ് വ്യവസ്ഥയെ എതിർക്കാൻ പാടില്ല. എന്തെന്നാൽ, സമുദായത്തിൽ ഏററവും മനുഷ്യത്വപരവും തികച്ചും നീതിയുക്തവുമായ ബന്ധങ്ങൾ സ്ഥാപിക്കുന്ന ഒന്നാണത്.

സോവിയററ് നാടിനെക്കുറിച്ച് ഞങ്ങളിത്ര അഭിമാനംകൊള്ളാൻ കാരണമെന്താണെന്ന് നിങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന്ന് വിപ്ലവത്തിനുമുൻപുള്ള ഞങ്ങളുടെ ഭൂതകാലത്തെക്കുറിച്ച് രണ്ടു വാക്ക് പറയേണ്ടതുണ്ട്. അക്കാലത്തെ ഏററവും കഷ്ടതരമായ ഒരു ജീവിതമായിരുന്നു ഞങ്ങളുടെ ജനങ്ങളുടേത്. 80 ശതമാനം ജനങ്ങളും നിരക്ഷരരായിരുന്നു; പട്ടിണിയും പകർച്ചവ്യാധികളും അനേകംപേരുടെ ജീവൻ അപഹരിച്ചിരുന്നു. ഞങ്ങളുടെ നാട് ഹ്രസ്വമായൊരു കാലംകൊണ്ട് ലോകത്തിലെ രണ്ടാമത്തെ വ്യാവസായിക ശക്തിയായിത്തീർന്നതിൽ സോവിയററു ജനത അഭിമാനിക്കുന്നതിന്റെ കാരണം ഇതു് നിങ്ങൾക്ക് വ്യക്തമാക്കിത്തരും. ഞങ്ങൾ വ്യാവസായികോല്പാദനം 36 മടങ്ങ് വർദ്ധിപ്പിക്കുകയും, നിരക്ഷരത്വം തുടച്ചു നീക്കുകയുംചെയ്തു. ഇപ്പോൾ നിങ്ങളുടേതിന്റെ ഏതാണ്ട് മൂന്ന് മടങ്ങ് ഇഞ്ചിനീയർമാരെ ഞങ്ങൾ പരിശീലിപ്പിക്കുന്നുമുണ്ട്.

ഈ 40 വർഷത്തിൽ പകുതികാലം ഞങ്ങളുടെമേൽ അടിച്ചേല്പിക്കപ്പെട്ട യുദ്ധങ്ങൾക്കും, യുദ്ധാനന്തര പുനർനിർമ്മാണത്തിനുമായി ഉപയോഗിക്കേണ്ടിയിരുന്നില്ലെങ്കിൽ ഞങ്ങളുടെ ജനങ്ങളുടെ സ്ഥിതി ഇതിലും എത്രയോ മെച്ചമാകുമായിരുന്നു.

യുദ്ധത്തിനിടയ്ക്ക് നാസി ആക്രമണകാരികൾ ഞങ്ങളുടെ 1710 നഗരങ്ങളും 70000 ഗ്രാമങ്ങളും ചുട്ടുനശിപ്പിച്ച് രണ്ടരക്കോടിയാളുകളെ വീടില്ലാത്തവരാക്കിയെന്ന വസ്തുത ഞാൻ നിങ്ങളെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. ഞങ്ങൾക്ക് അനേകലക്ഷം പേർ നഷ്ടമാവുകയും ഏതാണ്ട് 50000കോടി ഡോളറിന്റെ നാശം സംഭവിക്കുകയുംചെയ്തു.

ഭയാനകമായ ഈ നാശനഷ്ടങ്ങൾ ഉണ്ടായിരുന്നില്ലെങ്കിൽ, ഒരുപക്ഷെ ഞങ്ങൾ ഇതിനകംതന്നെ ഉല്പാദനത്തിലും ജീവിതനിലവാരത്തിലും അമേരിക്കൻ ഐക്യനാടുകളെ പിന്നിലാക്കുമായിരുന്നു.

ഞങ്ങളുടെ [illegible] ഇപ്പോൾ സപ്തവത്സര പദ്ധതി പൂർത്തിയാക്കാൻ പ്രവർത്തിക്കുകയാണ്. ഈ സപ്തവത്സര പദ്ധതിപ്രകാരം ഞങ്ങളുടെ വ്യാവസായി

കോല്പാദനം ഇരട്ടിക്കുന്നതാണ്. ഇക്കാലത്തു് 75000 കോടി ഡോളറിനു് സമമായ തുക ഞങ്ങൾ സമ്പദ് വ്യവസ്ഥയിൽ നിക്ഷേപിക്കും.

ഇന്നിപ്പോൾ യു. എസ്. ആണ് സാമ്പത്തികമായി ഏററവും വികസിതവും ഏററവും സമ്പന്നവുമായ രാജ്യം. നിങ്ങളുടെ രാജ്യത്തിൻെറ കണക്കുകൾ മുതലാളിത്ത ലോകത്തിൻെറ നേട്ടത്തിൻെറ പരിധിയാണ്. എന്നാൽ, സോവിയററിലെ വ്യാവസായിക വികസനത്തിൻെറ ശരാശരി നിരക്ക് നിങ്ങളുടെ നാട്ടിലേതിനേക്കാൾ മൂന്നു മുതൽ അഞ്ചു മടങ്ങുവരെ കൂടുതലാണെന്നകാര്യം ഓക്കണം. ഇക്കാരണത്താൽ, അടുത്ത 10–12 വർഷംകൊണ്ടു് സോവിയററു യൂണിയൻ മൊത്തം ഉല്പാദനത്തിലും ആളോഹരി ഉല്പാദനത്തിലും യു. എസ്. എ. യെ പിന്നിലാക്കും; അതേസമയം, കൃഷിയിൽ ഇതിലും നേരത്തേതന്നെ ഇക്കാര്യം നേടുന്നതായിരിക്കും.

ഞങ്ങളുടെ നാട്ടിൽ വൻതോതിലുള്ള ഭവനനിർമ്മാണം നടക്കുകയാണ്. ഞാൻ ഒരു ഉദാഹരണം പറയാം. ഇക്കഴിഞ്ഞ എട്ടുകൊല്ലത്തിൽമാത്രം മോസ്കോയിൽ വിപ്ലവത്തിനു മുമ്പുള്ള ആ നഗരത്തിൻെറ 800 കൊല്ലത്തെ ചരിത്രത്തിൽ ആകെക്കൂടി നിർമ്മിച്ചിട്ടുള്ളതിലധികം പാർപ്പിടങ്ങൾ ഉണ്ടായിട്ടുണ്ടു്.

അടുത്തകൊല്ലം മോസ്കോക്കാർക്ക് വിപ്ലവത്തിനുമുൻപുണ്ടായിരുന്നതിൻെറ നാലിലൊന്നു തറവിസ്തീർണ്ണംവരുന്നത്ര പാർപ്പിടങ്ങൾ ലഭിക്കും. അടുത്ത ഏഴു കൊല്ലത്തിൽ ഞങ്ങൾ നഗരങ്ങളിൽ ഒന്നരക്കോടി പാർപ്പിടങ്ങളും, നാട്ടിൻപുറത്തു് 70 ലക്ഷം വീടുകളും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. സാൻ ഫ്റാൻസിസ്കോയെപ്പോലുള്ള അൻപതു് പുതിയ നഗരങ്ങൾ നിർമ്മിക്കുന്നതിനു് സമമാണിതു്. അപ്രധാനമല്ലാത്ത മറെറാരു സംഗതി ഞങ്ങളുടെ നാട്ടിലെ വീട്ടുവാടക ലോകത്തിലേക്കു് ഏററവും താഴ്ന്നതാണെന്നതാണ്; കുടുംബബഡ്ജററിൻെറ 4–5 ശതമാനത്തിലധികം വരില്ല ഇതു്.

സൗകര്യപ്രദമായ കൂടുതൽ വീടുകൾ ഉണ്ടാകണമെന്നും, സോവിയററു് ജനതയ്ക്കു് മേന്മയേറിയ കൂടുതൽ ഉപഭോഗസാധനങ്ങൾ ലഭിക്കണമെന്നുമുള്ള [illegible] ഞങ്ങൾക്കു് ആകാംക്ഷയുണ്ടു്. ഞങ്ങളുടെ വാക്കും പ്രവൃത്തിയും തമ്മിൽ അന്തരമില്ല. കഴിഞ്ഞ ആറു കൊല്ലത്തിൽ പട്ടണവാസികൾക്കു് നാട്ടിൻപുറത്തു് നിന്നു് വില്പന നടത്തിയ മാംസത്തിൻെറ അളവു [illegible] മടങ്ങും, പാലിൻേറതു് രണ്ടുമടങ്ങും വർദ്ധിച്ചു.

സമീപഭാവിയിൽതന്നെ ഞങ്ങൾ ജനങ്ങളുടെമേലുള്ള എല്ലാ നികുതികളും ഉപേക്ഷിക്കാൻപോവുകയാണ്; ഞാൻ ആവർത്തിക്കുന്നു: എല്ലാ നികുതികളും ഉപേക്ഷിക്കാൻ പോവുകയാണ്. ഈ നടപടിയുടെ പ്രാധാന്യം നിങ്ങൾ മനസ്സിലാക്കുമെന്ന് ഞാൻ കരുതുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടിയും സോവിയററ് [illegible] ട്രേഡ് യൂണിയനുകളും എല്ലാ സോവിയററ് പൗരന്മാരുടേയും ക്ഷേമകാര്യ[illegible] താല്പര്യമെടുക്കുന്നു

ഒരു സോവിയററ് പൗരൻ. ഉദാഹരണത്തിന്, തൊഴിലില്ലായ്മപോലുള്ള പ്രശ്നത്തെക്കുറിച്ച് ഒരിയ്ക്കലും മനസ്സ പുണ്ണാക്കാറില്ല. ഞങ്ങളുടെ നാട്ടിൽ "തൊഴിലില്ലായ്മ" എന്ന വാക്ക് വിസ്മരിക്കപ്പെട്ടിട്ട് കാലമേറെയായി. സോവിയററിൽ ആളുകൾ ജോലി തിരക്കുകയല്ല, ജോലി ആളുകളെ തിരക്കുകയാണ് ചെയ്യുന്നത്.

ഞങ്ങളുടെ നാട്ടിലെ കുട്ടികളെല്ലാം വിദ്യാഭ്യാസം നടത്തുന്നു. സോവിയററ് യൂണിയനിൽ സ്കൂൾവിദ്യാഭ്യാസം മാത്രമല്ല, കോളേജ് വിദ്യാഭ്യാസവും സൗജന്യമാണ്.

വിദ്യാർത്ഥികൾക്ക് സർക്കാർ സ്കോളർഷിപ്പ് ലഭിക്കുന്നു. പൊതുവിൽ, കുട്ടികളെ വളർത്തിക്കൊണ്ടുവരുന്നതിൽ ഞങ്ങൾ വളരെയേറെ ശ്രദ്ധ പതിപ്പിക്കുന്നു. നഴ്സറി, കിൻറർഗാർഡൻ, ബോർഡിംഗ് സ്കൂൾ ഇതെല്ലാം കഴിഞ്ഞ് ജീവിതത്തിലൊരു തുടക്കവും—ഇതാണ് വളർന്നു വരുന്ന തലമുറയുടെമുമ്പിൽ തെളിഞ്ഞുകിടക്കുന്ന പന്ഥാവ്.

സോവിയററ് വിദ്യാഭാസസമ്പ്രദായത്തിൻെറ മേന്മകൾ സുവിദിതമാണല്ലൊ. സോവിയററ് വിദ്യാലയങ്ങളിലെ ബിരുദധാരികളാണ്—ശാസ്ത്രജ്ഞരും എഞ്ചിനീയർമാരും സാങ്കേതികവിദഗ്ദ്ധരും തൊഴിലാളികളും—ആദ്യത്തെസ്പുട്ട്നിക്കുകൾ എയ്തുവിട്ട് ലോകത്തെ അത്ഭുതപരതന്ത്രരാക്കിയത്—"സ്പുട്നിക്ക്" "ലൂണിക്ക്" എന്നീ റഷ്യൻ വാക്കുകൾ പരിഭാഷകൂടാതെ ലോകത്തെങ്ങും മനസ്സിലാക്കപ്പെടുന്നുണ്ടെന്നതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു.

സോവിയററ് ജനതയുടെ ആവശ്യങ്ങൾ നോക്കുന്നതിന് ഇരുപതു ലക്ഷം അദ്ധ്യാപകരും നാലു ലക്ഷം ഭിഷഗ്വരന്മാരുമുണ്ട്.

ഞങ്ങൾ ഞങ്ങളുടെ ജനങ്ങളുടെ ആരോഗ്യം കാത്തുസൂക്ഷിക്കുന്നു. ഞങ്ങളുടെ നാട്ടിൽ രോഗനിരക്ക് ഗണ്യമായി ഇടിഞ്ഞു; മരണനിരക്കാകട്ടെ ലോകത്തിലേറ്റവും താഴ്ന്നതുമാണ്. എല്ലാ ഫാക്ടറി തൊഴിലാളികൾക്കും ജീവനക്കാർക്കും സ്റ്റേററിൽനിന്നുള്ള ശമ്പളത്തോടുകൂടിയ വാർഷികാവധിയുണ്ട്. ആളുകൾക്ക് പോയി വിശ്രമിക്കുന്നതിനായി ഏററവും മികച്ച സാനട്ടോറിയങ്ങളും സുഖവാസകേന്ദ്രങ്ങളും വിശ്രമമന്ദിരങ്ങളും തുറന്നിട്ടുണ്ട്. ഞങ്ങളുടെ നാട്ടിലേവർക്കും സൗജന്യവൈദ്യസഹായം ലഭിക്കും. ഏററവും സങ്കീർണ്ണവും ലളിതവുമായ ശസ്ത്രക്രിയയ്ക്കും [illegible] ഒരു കാശുപോലും ചിലവിടേണ്ടതില്ല. ഞങ്ങളുടെ ജീവിതരീതിയുടെ ചില [illegible] നിങ്ങൾക്ക് ചിലപ്പോൾ മനസ്സിലായില്ല[illegible]. അതുപോലെ, ഒരാൾ[illegible] രോഗം പിടിപെട്ട് [illegible] പ്രാപിക്കേണ്ടിവരി[illegible]ക്ക് ശസ്ത്രക്രിയ ആവ[illegible]മായി[illegible]കയോ ചെയ്യുമ്പോൾ അതി[illegible] ചിലവിടേണ്ടിവരു[illegible]ണെന്ന് ഞങ്ങളുടെ നാട്ടു[illegible] മനസ്സിലാകുന്നില്ല.

അപ്പോൾ [illegible] [illegible]വിക്കും? രോഗി വെറു[illegible] ചാകേണ്ടിവരുമോ?

ഞങ്ങളുടെ നാട്ടിൽ ഒരാൾക്ക് രോഗം പിടിപെട്ട് ജോലിചെയ്യാൻ കഴിയാതായാൽ അയാൾക്ക് തുടന്നും ശമ്പളം കിട്ടിക്കൊണ്ടിരിക്കും; അതുപോലെ വാദ്ധക്യമാകുമ്പോൾ താനൊരു അധികപ്പററാണെന്നു് അയാൾക്കു് തോന്നലുണ്ടാവില്ല; അയാൾക്കു് സക്കാർ പെൻഷ്യൻ കിട്ടും. കർഷകക്ക് സഹകരണ സംഘങ്ങളിൽനിന്നു് പെൻഷൻ ലഭിക്കും.

നിങ്ങൾ ചോദിച്ചേക്കാം: എന്നാൽ നിങ്ങളുടെ നാട്ടിൽ എല്ലാം അത്ര ഭംഗിയായും കുഴപ്പമില്ലാതെയുമല്ല നടക്കുന്നതെന്ന് തീർച്ചയല്ലെ? നിർഭാഗ്യവശാൽ എല്ലാം അത്ര ഭംഗിയല്ലെന്ന് പറയട്ടെ. ഞങ്ങൾക്ക് ഞങ്ങളുടെ ബുദ്ധിമുട്ടുകളും, ഞങ്ങളുടെ കുറവുകളും അപരിഹൃതമായ പ്രശ്നങ്ങളുമുണ്ട്. ഈ കുറവുകളെ ഏററവും രൂക്ഷമായും സന്ധിയില്ലാതെയും വിമർശിക്കുന്നവർ സോവിയററ് ജനതതന്നെയാണെന്നു് എനിയ്ക്കു് നിങ്ങളോട്ട് ഉറപ്പിച്ചു പറയാൻ കഴിയും.

അമേരിക്കൻ ഐക്യനാടുകളിലെ പ്രിയപ്പെട്ട പൗരന്മാരെ, അല്പംചില മണിക്കൂറിനുള്ളിൽ ഞങ്ങളുടെ വിമാനം അമേരിയ്ക്കൻ മണ്ണിൽനിന്നു് പുറപ്പെടും. ഞങ്ങളോട്ടു് പ്രദർശിപ്പിച്ച ആതിഥ്യ ബഹുമാനത്തിനും സന്മനോഭാവത്തിനും അമേരിക്കൻ ജനതയോടും, പ്രസിഡൻറ് ഐസനോവറോടും, യു. എസ്. ഗവൺമെൻറിനോടും ഞാൻ ഒരിയ്ക്കൽകൂടി കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളട്ടെ. സോവിയററ് ഗവൺമെൻറ് തലവനെന്നനിലയ്ക്കു് എന്നോട്ട് പ്രദശിപ്പിച്ച സന്മനോഭാവവും താൽപര്യവും എൻെറ നാട്ടുകാരോടു കാണിച്ചതാണെന്നു് ഞാൻ വിശ്വസിക്കുന്നു.

നിങ്ങളുടെ നാട്ടിലായിരിക്കുമ്പോൾ, സോവിയററ് ജനതയോട്ട് സൗഹൃദമനോഭാവം പ്രകടിപ്പിച്ചുകൊണ്ടു് അമേരി[illegible]ക്കാരിൽനിന്നു് എനിയ്ക്കു് അനവധി കത്തുകളും ആശംസാസന്ദേശങ്ങളും ല[illegible]. പലരും എന്നേയും സഖാക്കളേയും അവരുടെ വീട്ടിൽചെന്നു് അവ[illegible] വീട്ടുകാരേയും കുട്ടികളേയും കാണാൻക്ഷണിയ്ക്കുകയുണ്ടായി. അവരുടെ [illegible] സ്വീകരിക്കാൻ എനിക്കാഗ്രഹവുമുണ്ടു്; പക്ഷെ, [illegible]ഭാഗ്യവശാൽ ഇ[illegible]മാണല്ലൊ. അങ്ങനെ വേണമെങ്കിൽ ഞാ[illegible] നിങ്ങ[illegible] കഴിയേണ്ടിവരും. എനിയ്ക്കതു് സാദ്ധ്യമല്ലെന്നു് [illegible] നന്ന[illegible] ചെയ്യാമല്ലൊ. ഞങ്ങളെ ക്ഷണിച്ചവരോടെ[illegible] [illegible]ദമനോഭാവം പ്രദശിപ്പിച്ചവരോടെല്ലാം ഹൃദയംഗ[illegible] [illegible] അനുവദിക്കുക.

അവസ[illegible]മായി അമേ[illegible] ജനത[illegible] സമ്പൽസമൃ[illegible]യും സന്തോഷവും ആശംസി[illegible] എന്നെ [illegible]ക്കുക; ഞ[illegible]ളുടെ യു. [illegible]. സന്ദശനവും പ്രസി[illegible]ൻറ് [illegible]സനോവ[illegible]രാനിരിക്കുന്ന സോവിയ[illegible] സന്ദർശനവും നമ്മു[illegible] രാജ്യങ്ങളെ കൂ[illegible]ൽ [illegible]ട്ടപ്പിക്കാനും ലോകസമാധാനം ശക്തിപ്പെട്ടുത്താനുമു[illegible] കുട്ടായ മാര്ഗ്ഗ[illegible]നത്തിൻെറ [illegible]ടക്കമായി സോവിയ[illegible]-അമേരിക്ക[illegible] ജന[illegible]മാത്ര[illegible] [illegible]ത്തങ്ങളുമുള്ള [illegible] [illegible]ക്ഷിക്കുമെന്നു് പ്രതീ[illegible]ക്കാനും എന്നെ അ[illegible].



ഗ്രാമീണ വായനശാല
മലകുന്നം പി. ഒ. ഇത്തിത്താനം.

ഗ്രാമീണ വായനശാല
മലകുന്നം പി. ഒ. ഇത്തിത്താനം.